# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4838 24.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക വേണ്ട യോഗ്യത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ബഷീർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക് നിയമാനുസൃത പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ് ;<br>(ബി) ഇത് പ്രവർത്തിക്കാൻ ലൈസൻസ് കൊടുക്കുന്നത് ആരാണെന്നും മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (എ) & (ബി) | 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങളിൽ, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ, പ്രസ്തുത ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ മെഡിക്കൽ സ്ഥാപനവും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ ഇത്തരം സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക് പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് ടി ആക്ടിലോ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല . |
| (സി) സ്വകാര്യ ലാബുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ലാബുകളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വ്യാപകമായി 26.08.2014-ൽ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ടീമുകൾ പോകുകയും പൊതുജനാരോഗ്യ നിയമ പ്രകാരം 4278 ലാബുകൾ പരിശോധിക്കുകയും ചെയ്തു. പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് 1121 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ കൊടുക്കുകയും ഒട്ടും തൃപ്തികരമല്ലാത്ത 120 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തു. 27.02.2015 -ൽ 2055 ലാബുകൾ പരിശോധന നടത്തി 350 സ്ഥാപനങ്ങൾക്ക് നോട്ടീസ് കൊടുക്കുകയും 47 ലാബുകൾ അടപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ